"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/300/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01-11-2024

# സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് - വിളവെടുപ്പിന് ശേഷം കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും മൂല്യവർദ്ധനയ്ക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള സാമ്പത്തിക സഹായം - കൂടുതൽ പേരിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022

**********************

മതിയായ സംഭരണ - വിതരണ സൗകര്യങ്ങളില്ലാതെ 40% വിളയും നശിച്ച് പോകുന്ന പശ്ചാത്തലത്തിൽ, വിളവെടുപ്പിന് ശേഷം കാർഷിക ഉൽപ്പന്നങ്ങളുടെ പ്രാഥമിക സംസ്കരണത്തിനും മൂല്യ വർദ്ധനയ്ക്കും സംഭരണത്തിനും വിപണനത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വെച്ചുകൊണ്ട് കേന്ദ്ര സർക്കാർ തയ്യാറാക്കിയിട്ടുള്ള വായ്പാ പദ്ധതിയാണ് അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF) പദ്ധതി. 15.05.2020 ന് ആരംഭിച്ച പദ്ധതിയുടെ അടങ്കലിൽ സംസ്ഥാനത്തിനായി 2520 കോടി രൂപയാണ് നീക്കി വെച്ചിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷം മുതൽ 2032-33 സാമ്പത്തിക വർഷം വരെയാണ് പദ്ധതിയുടെ കാലാവധി. ഇതിൽ 2025-26 സാമ്പത്തിക വർഷം വരെ മാത്രമാണ് പദ്ധതി പ്രകാരമുള്ള വായ്പ ലഭ്യമാകുക. വായ്പ ലഭിച്ചതിനു ശേഷം തുടർന്നുവരുന്ന 7 വർഷമാണ് തിരിച്ചടവ് കാലാവധി. നബാർഡിനാണ് പദ്ധതിയുടെ നടത്തിപ്പ് ചുമതല. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, കാർഷിക മേഖലയിലെ സംരംഭകർ, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്കാണ് വായ്പക്കുള്ള അർഹത.

പദ്ധതിയുടെ കേരളത്തിലെ പുരോഗതി കുറവായതിനാൽ ആയത് മെച്ചപ്പെടുത്തുന്നതിനായി സഹകരണ വകുപ്പ്, കൃഷി വകുപ്പുമായി ചേർന്ന് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, ബാങ്ക് ഉദ്യോഗസ്ഥർ, മറ്റ് സ്റ്റേക്ക്ഹോൾഡേഴ്സ് എന്നിവരെ ഉൾപ്പെടുത്തി വ്യാപക ക്യാമ്പയ്നുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. എന്നിരുന്നാലും പദ്ധതിയുടെ കേരളത്തിലെ നടത്തിപ്പ് പുരോഗതി വളരെ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, അഗ്രിക്കൾച്ചറൽ

ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയുടെ പ്രചാരണത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി നടപടി സ്വീകരിക്കുന്നതിന് ചുവടെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു;

- അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയുടെ കേരളത്തിലെ നടത്തിപ്പ് പുരോഗതിയിലുള്ള കുറവ് പരിഹരിക്കുന്നതിനായി, വായ്പക്ക് അപേക്ഷ നൽകാൻ അർഹയുള്ളവരെ വിളിച്ചുചേർത്ത് വായ്പയെ കുറിച്ച് വ്യാപകമായ പ്രചരണം നടത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും നടപടി സ്വീകരിക്കേണ്ടതാണ്. ഇതിന് ജില്ലാ ആസൂത്രണ സമിതികൾ മേൽനോട്ടം വഹിക്കണം.
- അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയിൽ ആർക്കെല്ലാം അപേക്ഷിക്കാം, വായ്പക്ക് അർഹമായ പദ്ധതികൾ ഏതൊക്കെ, തുടങ്ങിയ വായ്പ സംബന്ധമായ വിവരങ്ങൾ അടങ്ങിയ കുറിപ്പ് അനുബന്ധമായി ചേർക്കുന്നു. ഇതുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രാദേശിക തലത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് ഈ വായ്പയുടെ ഉപയോഗ സാദ്ധ്യതകൾ സംബന്ധിച്ച ചർച്ചകൾ നടത്താവുന്നതും കർമ്മപരിപാടി ആവിഷ്കരിക്കാവുന്നതുമാണ്. പ്രാദേശിക തലത്തിൽ ഉല്പാദന മേഖലകളിലെ വികസന വിടവുകൾ പരിഹരിക്കുന്നതിന് ഈ സാദ്ധ്യത ഉപയോഗപ്പെടുത്തേണ്ടതാണ്.
- അഗ്രികൾച്ചർ ഇൻഫ്രാസ്ട്രചറൽ ഫണ്ടിൽ നിന്നും വായ്പയെടുക്കുന്ന സ്വകാര്യ സംരംഭകർ, ഗ്രൂപ്പ് സംരംഭങ്ങൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവർക്ക് ലഭ്യമാകുന്ന രീതിയിൽ 2% ഇന്ററസ്റ്റ് സബ് വെൻഷൻ നൽകുന്നതിന് വിഹിതം നീക്കിവെയ്ക്കാൻ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും സൂചിത മാർഗ്ഗരേഖകൾ പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. ഇത് പ്രയോജനപ്പെടുത്താവുന്നതാണ്.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
7. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
8. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
9. എല്ലാ ജില്ലാകളക്ടർമാർക്കും
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
12. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
13. ഡയറക്ടർ ജനറൽ, കില

14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
16. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
17. കൃഷി വകുപ്പ്
18. തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്
19. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 02-11-2024 15:35:48

സെക്ഷൻ ഓഫീസർ.

# National Agriculture Infra Financing Facility (AIF Scheme)

<u>അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതി</u>

<u>കുറിപ്പ്</u>

- രാജ്യത്തെ 58 ശതമാനം ജനങ്ങളുടെയും പ്രധാന വരുമാനമാർഗം കൃഷിയാണ്. ഇന്ത്യയുടെ ദേശീയ മൂല്യത്തിലേക്ക് (gross value added) 19.48 ലക്ഷം കോടി രൂപ ഈ മേഖലയുടെ സംഭാവനയാണ്. ഇന്ത്യയുടെ കയറ്റുമതി വരുമാനത്തിൻറെ 14 ശതമാനവും കാർഷിക മേഖലയിൽ നിന്നാണ്. എന്നിരുന്നാലും രാജ്യത്തെ കാർഷിക മേഖലയിൽ നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നു. 50 ശതമാനം കർഷകരും കടക്കെണിയിലാണ്. വിളവെടുപ്പിനു ശേഷം മതിയായ സംഭരണ - വിതരണ സൗകര്യങ്ങളില്ലാതെ 40 ശതമാനത്തോളം വിളയും നശിച്ചു പോകുന്നു.

- ഈ പശ്ചാത്തലത്തിൽ, വിളവെടുപ്പിന് ശേഷം കാർഷിക ഉൽപ്പന്നങ്ങളുടെ പ്രാഥമിക സംസ്കരണത്തിനും മൂല്യ വർധനക്കും സംഭരണത്തിനും വിപണനത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യം വച്ചു കൊണ്ട് തയ്യാറാക്കിയിട്ടുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണ് അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF) പദ്ധതി. ദീർഘകാല അടിസ്ഥാനത്തിൽ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

- 15.05.2020 നാണ് പദ്ധതി ആരംഭിച്ചത്. ഒരു ലക്ഷം കോടി രൂപയാണ് പദ്ധതിയുടെ അടങ്കൽ. ഇതിൽ കേരള സംസ്ഥാനത്തിന് 2520 കോടി രൂപയാണ് നീക്കി വച്ചിട്ടുള്ളത്.

- 2020-21 സാമ്പത്തിക വർഷം മുതൽ 2032-33 സാമ്പത്തിക വർഷം വരെയാണ് പദ്ധതിയുടെ കാലാവധി.

- 2025-26 സാമ്പത്തിക വർഷം വരെ മാത്രമാണ് പദ്ധതി പ്രകാരമുള്ള വായ്പ ലഭ്യമാകുക. വായ്പ ലഭിച്ചതിനു ശേഷം തുടർന്നുവരുന്ന 7 വർഷമാണ് തിരിച്ചടവ് കാലാവധി. 7 വർഷ കാലാവധിയിൽ ആദ്യത്തെ 6 മാസം മുതൽ 24 മാസം വരെ വായ്പാ തിരിച്ചടവിന് മൊറട്ടോറിയം എടുക്കാവുന്നതാണ്.

- ബാങ്കുകൾ ഈ വായ്പക്ക് ഈടാക്കാവുന്ന പലിശനിരക്ക് 9 ശതമാനം അധികരിക്കാൻ പാടില്ല. ബാങ്കുകൾ ഈടാക്കുന്ന പലിശ നിരക്ക് എത്രയാണോ അതിൽ നിന്നും 3 ശതമാനം പലിശ സബ്സിഡി (Interest subvention) AIF പദ്ധതിയിൽ നിന്നും (ഒരു പദ്ധതിക്ക് പരമാവധി 2 കോടി രൂപ ക്കും 7 വർഷത്തേക്കും എന്ന മാനദണ്ഡത്തിൽ) ലഭിക്കും.

- നബാർഡിനാണ് പദ്ധതിയുടെ നടത്തിപ്പ് ചുമതല.

- പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, കാർഷിക മേഖലയിലെ സംരംഭകർ, സ്റ്റാർട്ട് അപ്പുകൾ എന്നിവയ്ക്കാണ് വായ്പക്കുള്ള അർഹത.

- സർക്കാരിൻറെ മറ്റു പദ്ധതികളെ ഈ പദ്ധതിയുമായി ബന്ധിപ്പിക്കാൻ അനുവദിക്കും (ഉദാ: നാളികേര വികസന ബോർഡിൻറെ സബ്സിഡി പദ്ധതി, അഗ്രികൾച്ചർ മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ചർ പദ്ധതി മുതലായവ)

- സഹകരണ ബാങ്കുകളൊഴികെയുള്ള ബാങ്കുകളിൽ ഈ വായ്പക്ക് ക്രെഡിറ്റ് ഗ്യാരണ്ടി കവർ (CGTMSE) ലഭ്യമാണ്.

ആർക്കെല്ലാം അപേക്ഷിക്കാം

- കർഷകൻ

- കാർഷിക-സംരംഭകൻ
- ഫാർമർ പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ
- ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ
- തദ്ദേശ സ്ഥാപനം സ്പോൺസർ ചെയ്യുന്ന പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതി

- പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റി (PACS)
- മാർക്കറ്റിംഗ് സഹകരണ സംഘം
- വിവിധോദ്ദേശ്യ സഹകരണ സംഘം
- സ്വയം സഹായ സംഘം

- സ്റ്റാർട്ടപ്പ്
- സംസ്ഥാന ഏജൻസികൾ

അർഹമായ പദ്ധതികൾ

1. Organic inputs production
2. Bio stimulant production units
3. Nursery
4. Tissue culture
5. Seed Processing
6. Custom Hiring Center
7. Infrastructure for smart and precision agriculture
    a. Farm/Harvest Automation
    b. Purchase of drones, putting up specialized sensors on field, Blockchain and AI in agriculture etc.
    c. Remote sensing and Internet of Things (IOT) such as automatic weather station, Farm advisory services through GIS applications.
8. Logistics facilities - Reefer Van& Insulated vehicles
9. Assaying Units
10. Supply chain services including e-marketing platforms
11. Warehouse & Silos

12. Cold Stores and Cold Chain
13. Packaging Units
14. Primary Processing activities

അപേക്ഷ തയ്യാറാക്കി സമർപ്പിക്കേണ്ട വിധം, മാതൃക പദ്ധതികൾ, പങ്കാളിത്ത ബാങ്കുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ **https://www.agriinfra.dac.gov.in/** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്

*********